**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279** **26-10-2021 - ൽ മറുപടിയ്ക്ക്**

**യാത്രാക്ലേശം പരിഹരിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യുടെ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യാത്രാ ക്ലേശം പരിഹരിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ സർവ്വേ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സർവ്വേ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുടെ നേതൃത്വത്തിൽ സർക്കാരിന്റെ GIZ SMART-SUT പദ്ധതിയുടെ അടിസ്ഥാനത്തിൽ റൂട്ട് റാഷണലൈസേഷനും നഗരത്തിലെ ബസ് സർവ്വീസ് മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് സൗജന്യമായി സർവ്വേ നടത്തി വരികയാണ്. കൂടാതെ കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിലും ജീവനക്കാരെ ഉപയോഗിച്ച് പ്രധാന റൂട്ടുകളിൽ പോയിന്റ് ഡ്യൂട്ടി സർവ്വേയും നടത്തി വരുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സർവ്വേയിലെ നിഗമനങ്ങൾ എന്തെല്ലാമാണ്; | (ബി) | വിവിധ സ്ഥലങ്ങളിൽ യാത്രക്കാർക്കോ കെ.എസ്.ആർ.ടി.സി.യ്ക്കോ ഗുണകരമല്ലാതെ ധാരാളം ട്രിപ്പുകൾ ഡീസൽ തുക പോലും ലഭിക്കാതെ സർവ്വീസ് നടത്തുന്നതായും ചില റൂട്ടിൽ ആവശ്യത്തിലധികം ട്രിപ്പുകൾ ഉള്ളതായും എന്നാൽ മറ്റ് ചില റൂട്ടുകളിൽ ആവശ്യത്തിന് ട്രിപ്പുകൾ ഇല്ലാത്തതായും യാത്രക്കാരുടെ ആവശ്യമനുസരിച്ചല്ല ട്രിപ്പുകൾ ക്രമീകരിച്ചിരിക്കുന്നതെന്നും തിരുവനന്തപുരം ജില്ലയിൽ GIZ നടത്തിയ നിരീക്ഷണത്തിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം അടിയന്തിരമായി കൂടുതൽ കൃത്യതയോടെയും സമയബന്ധിതമായും ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സർവ്വീസ് നടത്തുന്നതിന് വിദഗ്ദ്ധ ഏജൻസികളുടെ സാങ്കേതിക ഉപദേശവും സഹായവും അനിവാര്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകൾ പുന:ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ വിദഗ്ദ്ധ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തി വിവര സാങ്കേതിക വിദ്യയും പ്രാഥമിക വിവര ശേഖരണത്തിൽ നിന്നും ലഭ്യമായ വിവരങ്ങളും ഉപയോഗിച്ചുകൊണ്ട് ശാസ്ത്രീയമായി |

| | | | |
|---|---|---|---|
| | | | യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.യ്ക്കും ഗുണകരമായ ഷെഡ്യൂൾ പുനഃക്രമീകരണം നടത്തുന്നത് പരിശോധിച്ചു വരികയാണ്. കെ.എസ്.ആർ.ടി.സി.യിൽ ഓരോ റൂട്ടുകളുടെയും ട്രിപ്പ് വൈസ് കളക്ഷൻ ലഭ്യമായിട്ടുള്ളത് പരിശോധിച്ച് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രിപ്പുകളെ നാലായി തരംതിരിച്ച് പരിശോധിക്കുകയും വിലയിരുത്തുകയും തിരുത്തൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ കളക്ഷൻ പരിശോധിച്ച് തരംതിരിച്ചിരിക്കുന്നത് താഴെ പറയുന്ന രീതിയിലാണ്. 1. ഡീസൽ തുകയും സ്പെയർ പാർട്സ് തുകയും പോലും ലഭിക്കാത്ത ട്രിപ്പുകൾ [ഇ.പി.കെ.എം.(Earning per kilometer) 25 രൂപ പോലും ലഭിക്കാത്തവ] 2. ഡീസൽ തുകയും സ്പെയർ പാർട്സ് തുകയും ലഭിക്കുന്നതും എന്നാൽ ഡ്രൈവറുടേയും കണ്ടക്ടറുടേയും വേതനം ലഭിക്കാത്തതുമായ ട്രിപ്പുകൾ (EPKM 25 രൂപയ്ക്ക് മുകളിലും 43 രൂപയ്ക്ക് താഴെയും വരുമാനം ഉള്ളവ). 3. ഡീസൽ തുകയും സ്പെയർ പാർട്സ് തുകയും ഡ്രൈവറുടേയും കണ്ടക്ടറുടേയും വേതനം എന്നിവയെല്ലാം ലഭിക്കുന്നവയും യാത്രാക്ലേശം ഇല്ലാത്തതുമായ ട്രിപ്പുകൾ (ഇ.പി.കെ.എം 43 രൂപയിൽ കൂടുതലും 50 രൂപ വരെ വരുമാനം ഉള്ളവ) 4. ലാഭകരമായി സർവ്വീസ് നടത്തുന്നവയും കൂടുതൽ ട്രിപ്പുകൾ ആവശ്യമായതുമായ റൂട്ടുകൾ (EPKM 50 രൂപയ്ക്ക് മുകളിൽ ഉള്ളവ). മേൽ പരിശോധനകൾ നടത്തി ഇനം 1, 2 എന്നിവ പരിശോധിച്ച് ഒറ്റപ്പെട്ടതും ജനകീയ പ്രതിബദ്ധതയിൽ ഓപ്പറേറ്റ് ചെയ്യുന്നതും സമയം ക്രമീകരിച്ചും മെച്ചപ്പെടുത്തിയും ബാക്കിയുള്ളവ യാത്രാക്ലേശം ഉള്ള റൂട്ടുകളിലേയ്ക്കും മറ്റ് സർവ്വീസുകൾ ഇല്ലാത്ത റൂട്ടുകളിലേയ്ക്കും പുനഃക്രമീകരിച്ച് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ രീതിയിൽ നടത്തുന്നതിന് നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബഹു. എം.എൽ.എ-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ എന്നിവരുടെ അഭിപ്രായം കൂടി ആരായുന്നതാണ്. |

സെക്ഷൻ ഓഫീസർ